പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.174

27.02.2017-ൽ

മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ മണൽ മാഫിയ പ്രവർത്തനം

ചോദ്യം

ഉത്തരം

ശ്രീ.എം. രാജഗോപാലൻ

ശ്രീ. പിണറായി വിജയൻ
(ബഹു.മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ തീരദേശ മേഖലകളിൽ നിന്നും പ്രത്യേകിച്ച് പുഴകളിൽ നിന്നും വ്യാപകമായ തോതിൽ മണലെടുക്കുന്ന സംഘങ്ങൾ മാഫിയാ പ്രവർത്തനം നടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: നിരവധി പോലീസുകാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ അപായപ്പെടുത്തുന്ന രീതിയിൽ ഇവർ നടത്തുന്ന ക്രിമിനൽ പ്രവർത്തനങ്ങൾ ശാശ്വതമായി അമർച്ച ചെയ്യാനും പൊതു മേഖലയിൽ മാത്രം പൂഴി ഡ്രഡ്ജ് ചെയ്യാനും ഇപ്പോൾ പ്രവർത്തിക്കുന്ന മുഴുവൻ തൊഴിലാളികൾക്കും ഇതുവഴി ജോലി നൽകാനും നടപടികൾ സ്വീകരിക്കുമോ? | (എ) | അനധികൃത മണൽ ഖനനത്തിനെതിരെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പോർട്ട് കടവുകളിൽ സഹകരണ സംഘങ്ങൾ മുഖേനയാണ് മണൽ ഡ്രഡ്ജ് ചെയ്തു വരുന്നത്. പൂഴിക്കടവുകളിൽ നിന്നും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളെ ഉപയോഗിച്ചാണ് മണൽ വാരൽ നടത്തിയിരുന്നത്. പാരിസ്ഥിതി കാനുമതി ലഭിക്കാത്തതിനാൽ ഇപ്പോൾ പൂഴിക്കടവുകളൊന്നും പ്രവർത്തിക്കുന്നില്ല. പൊതു മേഖലയിൽ മാത്രം പൂഴി ഡ്രെഡ്ജ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ